ട്രേഡ് യൂണിയൻ അംഗീകാര ബില്ല്

26 (*356) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രേഡ് യൂണിയൻ അംഗീകാര ബില്ലിന്റെ കരടുരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ട്രേഡ് യൂണിയൻ സംഘടനകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സംഘടനകളുമായുള്ള കൂടിയാലോചനകളുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഇല്ല. സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്. ട്രേഡ് യൂണിയൻ അംഗീകാരം/കരട് നിയമം സംബന്ധിച്ച് 22-11-1999-ൽ സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എ.ഐ.റ്റി.യു.സി., യു.റ്റി.യു.സി., ബി.എം.എസ്. തുടങ്ങിയ കേന്ദ്ര സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചകളിൽ കരട് ട്രേഡ് യൂണിയൻ ബില്ലിൽ ചില വ്യവസ്ഥകളിന്മേൽ തൊഴിലാളി സംഘടനാ പ്രതിനിധികൾ വിയോജിക്കുകയും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് സംഘടനകളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കുവാൻ സമയം വേണമെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. അതനുസരിച്ച് ബില്ലിനെ സംബന്ധിച്ച ഭേദഗതികളും അഭിപ്രായങ്ങളും നൽകുവാൻ വിവിധ സംഘടനകൾക്ക് അവസരം നൽകിയിരിക്കയാണ്. ഇതിനോടകം ഭാരതീയ മസ്ദൂർ സംഘ്, എ.ഐ.റ്റി.യു.സി. എന്നീ സംഘടനകൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തി മറുപടി നൽകിയിട്ടുണ്ട്.

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം

27 (*357) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം കിട്ടുകയുണ്ടായോ ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്ക് കെ. എസ്. ഇ. ബി. തയ്യാറാക്കിയ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം ചെലവ് എത്ര കോടിരൂപ എന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly